# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**26.03.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യ വകുപ്പുമന്ത്രിയും ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.03.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2013–14 വാർഷിക പദ്ധതിയിൽ ഇതുവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവ് 3315 കോടി രൂപയും, ഗ്രാമപഞ്ചായത്തുകളുടേത് 2130 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകളുടേത് 415 കോടി രൂപയും, ജില്ലാ പഞ്ചായത്തുകളുടേത് 406 കോടി രൂപയും , മുനിസിപ്പാലിറ്റികളുടേത് 302 കോടി രൂപയും, കോർപ്പറേഷനുകളുടേത് 155 കോടി രൂപയുമാണ്.

ഗ്രാമപഞ്ചായത്തുകൾ അലോട്ട്മെന്റിന്റെ 62 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 82 ശതമാനവും, ജില്ലാ പഞ്ചായത്തുകൾ 47 ശതമാനവും, മുനിസിപ്പാലിറ്റികൾ 55 ശതമാനവും, കോർപ്പറേഷനുകൾ 49 ശതമാനവുമാണ് ചെലവഴിച്ചത്. മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ 42 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 55 ശതമാനവും, ജില്ലാ പഞ്ചായത്തുകൾ 36 ശതമാനവും മുനിസിപ്പാലിറ്റികൾ 35 ശതമാനവും കോർപ്പറേഷനുകൾ 26 ശതമാനവുമാണ് ചെലവഴിച്ചത്.

**2.2** ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപീകരിച്ച ക്ലീൻ കേരള കമ്പനിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓഹരി എടുക്കുന്നതിനായി മുനിസിപ്പൽ കോർപ്പറേഷനുകൾ 10 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപവരെയും, മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപവരെയും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. നടപ്പു സാമ്പത്തിക വർഷം ഇനിയും ചെലവാകാതെ കിടക്കുന്ന തുകയിൽ നിന്ന് ഇത് വിനിയോഗിക്കാനും അനുവദിച്ചു തീരുമാനിച്ചു.

**2.3** 2013–14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുകയിൽ KLGSDP ഫണ്ടിൽ ചെലവഴിക്കാത്ത ബാക്കി മുഴുവൻ തുകയും, വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും ചെലവഴിക്കാത്ത പരമാവധി 35% തുകയും, എസ്.സി.പി./റ്റി.എസ്.പി ഫണ്ടിൽ ചെലവഴിക്കാത്ത ബാക്കി മുഴുവൻ തുകയും 2014–15 വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവാദം നൽകി 14.3.2014 ലെ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം 2.2 ഇനമായി തീരുമാനിച്ചിരുന്നു. എന്നാൽ പദ്ധതിചെലവിന്റെ പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും കോർപ്പറേഷനുകൾക്കും മാത്രം വികസന

ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും ചെലവഴിക്കാത്ത പരമാവധി 50% തുക 2014–15 വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവാദം നൽകുന്നു.

**2.4** ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതു സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കാൻ 05.03.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 2.2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ 25.03.2014–ൽ ചേർന്ന യോഗം സമർപ്പിച്ച താഴെപ്പറയുന്ന ശുപാർശകൾ അംഗീകരിച്ച് തീരുമാനിച്ചു.

1. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയായ പെട്ടിമുടി വരെ മൂന്നാറിൽ നിന്നും വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ സഹായത്തോടെ എഫ്.ഡി.എ മുഖേന പഞ്ചായത്ത്/ പട്ടികവർഗ ക്ഷേമ വകുപ്പ് ഇവയുടെ സഹകരണത്തോടെ മിനി ബസ് സൗകര്യം ഏർപ്പെടുത്തുന്നതിന് വനം വകുപ്പിന് പ്രൊപ്പോസൽ നൽകുവാൻ തീരുമാനിച്ചു.
2. ഗ്രാമപഞ്ചായത്തിൽ നിലവിൽ പെട്ടിമുടിവരെയുള്ള വൈദ്യുതി കണക്ഷൻ 13 കിലോമീറ്റർ കൂടി ദീർഘിപ്പിക്കുന്നതിന് കേബിൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്താൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാൻ ഊർജ്ജവകുപ്പ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിനുള്ള ചെലവ് ട്രൈബൽ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.
3. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലേയ്ക്ക് സാധനസാമഗ്രികൾ ചുമന്നുകൊണ്ടു പോകുന്നതിന് നിലവിലുള്ള നിരക്കായ 10 രൂപ 50 പൈസ വച്ച് നൽകുന്നതിന് പഞ്ചായത്തിന് അനുവാദം നൽകാവുന്നതാണ്. ഇതിനായി കഴിയുന്നതും ഗോത്രവർഗക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.
4. ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിന് ഗോത്രവർഗ ഗ്രൂപ്പുകൾക്ക് കഴുതകളെ നൽകുന്നതിനും ഇവയ്ക്കുള്ള ഷെഡ് ഉൾപ്പെടെ മൂന്നോ നാലോ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തുക ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.
5. അക്ഷയ സെന്റർ ആരംഭിക്കുന്നതിനും ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു. ഇതിനായുള്ള അടിസ്ഥാന സൗകര്യം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.
6. സൊസൈറ്റികുടിയിൽ പഞ്ചായത്ത് ഓഫീസിനും ക്വാർട്ടേഴ്സിനും കെട്ടിടം പണിയുന്നതിനുള്ള സാദ്ധ്യത ആരാഞ്ഞ് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്താനും ഇതിനായി കെ.എൽ.എസ്.ഡി.ജി.പി./ആർ.ജി.പി.എസ്.എ ഫണ്ട് പ്രയോജനപ്പെടുത്താനും നിർദ്ദേശിച്ചു.
7. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും ആയുർവേദ ആശുപത്രിയും ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇതിനുള്ള കെട്ടിടം /ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്നതാണ്.

8. പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിന് പോസ്റ്റൽ വകുപ്പിന്റെ സഹായത്തോടെ ഒരു ഇ.ഡി. പോസ്റ്റാഫീസ് സ്ഥാപിക്കാൻ സാധിക്കുമോ എന്ന കാര്യം പോസ്റ്റൽ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കാൻ തീരുമാനിച്ചു.

9. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ഓവർസിയറെ സ്ഥിരമായി നിയമിക്കാൻ തീരുമാനിച്ചു.

10. പഞ്ചായത്തിൽ സിഗ്നൽ ബൂസ്റ്ററുകൾ സ്ഥാപിക്കുന്നതിന് തുടർ നടപടികൾ/ സാദ്ധ്യത പഠനം നടത്താൻ ഐ.കെ.എം.നോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു.

11. ഇടമലക്കുടി, വട്ടവട, അട്ടപ്പാടി മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്യുന്നതിന് താൽപര്യമുള്ള ജീവനക്കാർക്ക് മുൻഗണന നൽകുന്ന കാര്യം പരിശോധിക്കാൻ തീരുമാനിച്ചു.

12. ഒരു മാസത്തിൽ 10 ദിവസം ഇടമലക്കുടി പഞ്ചായത്ത് ക്യാമ്പ് ഓഫീസ് തുറന്ന് പ്രവർത്തിക്കേണ്ടതും മുഴുവൻ ജീവനക്കാരും ഓഫീസിൽ ആ കാലയളവിൽ ഉണ്ടായിരിക്കേണ്ടതുമാണ്. ജീവനക്കാർക്ക് താമസസൗകര്യത്തിനും ഓഫീസ് പ്രവർത്തനത്തിനും റിക്കോഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യമായ അലമാര, മേശ, കസേര, കട്ടിൽ, സ്ലീപ്പിംഗ് ബാഗ്, കമ്പിളി എന്നിവ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നോ വികസനഫണ്ടിലെ പശ്ചാത്തല മേഖയിൽപ്പെടുത്തിയോ വാങ്ങുന്നതിന് തീരുമാനിച്ചു. അതോടൊപ്പം ചെറിയ സിറ്റൗട്ട്, ചെറിയ അടുക്കള, ഒരു ചെറിയ മുറി എന്നിവ ഉൾപ്പെട്ട ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ കെ.എൽ.എസ്. ജി.ഡി.പി.യുടെ ഫണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് ഓഫീസിൽ താമസിച്ച് പ്രവർത്തിക്കുന്ന 10 ദിവസം ജീവനക്കാർക്ക് റ്റി.എ/ഡി.എ അധികമായി നൽകുന്നതിന് പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു. ക്യാമ്പ് ഓഫീസ് ഇടമലക്കുടിയിൽ പ്രവർത്തിക്കുന്ന ദിവസങ്ങൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മുൻകൂട്ടി ഊരുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

13. ഇടമലക്കുടി ഗ്രാമപഞ്ചായത്തിനെ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ആട് വിതരണം നടത്തുന്നതിന് ഗുണഭോക്തൃ വിഹിതമായ 2690 രൂപ വഹിക്കാൻ ട്രൈബൽ മേഖലയ്ക്ക് കഴിയാത്തതിനാൽ ഗുണഭോക്തൃ വിഹിതത്തിന്റെ 90 ശതമാനം പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

14. പഞ്ചായത്തിൽ 2014 മെയ് 8, 9 തീയതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനോടൊപ്പം പെൻഷൻ വിതരണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും, നിലവിലുള്ള എ.പി.എൽ കാർഡ് ബി.പി.എൽ കാർഡ് ആക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും, വികലാംഗ പെൻഷനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും വികലാംഗ സർട്ടിഫിക്കറ്റ് വിതരണം നടത്തുന്നതിനും, മറ്റു വിവിധ ആവശ്യങ്ങൾക്കായുള്ള അദാലത്ത് നടത്തുന്നതിനും തീരുമാനിച്ചു. ഇതിനായുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ഇതുവരെ പെൻഷൻ അനുവദിച്ചവർക്കുള്ള പെൻഷൻ തുക പ്രസ്തുത ക്യാമ്പിൽ വച്ച് വിതരണം ചെയ്യാവുന്നതാണ്. ക്യാമ്പ് നടത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന്റെ ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിക്കാവുന്നതാണ്.

**2.5** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓപ്പണിംഗ് ബാലൻസ് തിരുത്തുന്നതിനായി 2014 മാർച്ച് 31 വരെ സുലേഖ സൈറ്റ് തുറന്ന് കൊടുക്കാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി. എന്നാൽ പ്രോജക്ട് ഭേദഗതികൾ പാടില്ലെന്നും നിർദ്ദേശിച്ചു.

**2.6** ഭവന നിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ല എന്ന എഗ്രിമെന്റ് രജിസ്റ്റർ ചെയ്യേണ്ടതാണെന്നും, രജിസ്ട്രേഷൻ ഫീസിനും മുദ്രപത്രത്തിനും മറ്റുമുള്ള ചെലവ് ഗുണഭോക്താക്കൾക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണെന്നും തീരുമാനിച്ചു.

**2.7** നടപ്പുസാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക ഐ.എ.വൈ പദ്ധതിക്കായി മാറ്റി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി തീരുമാനിച്ചിരുന്നതാണ്. എന്നാൽ പ്ലാൻ ഫണ്ടിൽ നിന്നും മാറ്റുന്ന ഒരു കോടിയിലേറെ വരുന്ന തുകയെ സംബന്ധിച്ചിടത്തോളം ഫിനാൻസ് ക്ലിയറൻസ് വേണമെന്ന നിർദ്ദേശം ഐ.എ.വൈ.യുടെ കാര്യത്തിൽ ഒഴിവാക്കുന്നതിന് ഫിനാൻസ് വകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കെൽട്രോൺ എം.ഡി.യുടെ കത്ത് (ഫയൽ നം.11819/ഡി.എ1/2014/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഏജൻസിയായി കെൽട്രോണിനെയും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെയും അംഗീകരിക്കണമെന്ന ആവശ്യം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും സ്ഥാപിക്കുന്നതും അതത് കമ്പനികൾ അണോ അതോ മറ്റ് ഏജൻസികൾ മുഖേനയാണോ എന്നും, മറ്റുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാൻ മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കൊല്ലം ദാരിദ്ര്യ ലഘുകരണയൂണിറ്റ് – പരിശോധന റിപ്പോർട്ട് സംബന്ധിച്ച്**

**(ഫയൽ നം.14042/ഡി.എ2/2014/തസ്വഭവ)**

കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ 1998-99 വർഷം നടപ്പാക്കിയ വികലാംഗക്ഷേമ പദ്ധതിയിൽ മിച്ചം വന്ന തുക ഉപയോഗിച്ച് ആറ് പേർക്ക് വീൽ ചെയർ വിതരണം ചെയ്യാനുള്ള ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ജലനിധി പദ്ധതി രണ്ടാം ഘട്ടം പൂർത്തീകരണം**

**(ഫയൽ നം.1972/എഫ്.എം3/2014/തസ്വഭവ)**

ജലനിധി പൂർത്തീകരണത്തിന് വിവിധ ഫണ്ടുകളിൽ ബാക്കി നിൽക്കുന്ന തുക ജലനിധി അക്കൗണ്ടിലേയ്ക്ക് അടവാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അഴുത ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.38588/ഡി.ഡി.2/2013/തസ്വഭവ)**

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വകാര്യ ഭൂമി ഉടമകൾ ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം സറണ്ടർ ചെയ്ത് രേഖാമൂലം കൈമാറുകയാണ് വേണ്ടതെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം.12928/ഡി.ബി.3/2013/തസ്വഭവ)**

റോഡ് പുനരുദ്ധാരണത്തിനായി 2010-11-ൽ ലഭിച്ച തുക ബാക്കി നിൽക്കുന്നത് സർക്കാരിലേയ്ക്ക് അടയ്ക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യാത്രാപ്പടി സംബന്ധിച്ച്**
**(ഫയൽ നം.69170/ഡി.എ1//2013/തസ്വഭവ)**

പദ്ധതി രൂപീകരണവുമായും നിർവഹണവുമായി ബന്ധപ്പെട്ട് യാത്രകൾ നടത്തുന്ന ഉദ്യോഗസ്ഥർക്ക് പദ്ധതി രൂപീകരണത്തിനും മോണിട്ടറിംഗിനുമായി നീക്കി വച്ച നിശ്ചിത തുകയിൽ നിന്ന് യാത്രപ്പടി നൽകാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊല്ലം കോർപ്പറേഷൻ (ഫയൽ നം.16009//ഡി.സി3//2014/തസ്വഭവ)**

2013-14 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിക്കാതെ പോയ മൂന്ന് പ്രോജക്ടുകൾ അപ്പീൽ കമ്മിറ്റിയിൽ നിന്ന് അറിയിച്ചിട്ടും കോർപ്പറേഷനെ പ്രതിനിധീകരിച്ച് ആരും എത്താത്ത സാഹചര്യത്തിലാണ് പരിഗണിക്കപ്പെടാതെ പോയതെന്നും അതിനാൽ ഇനി അംഗീകാരം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കഡസ്ട്രൽ ഭൂപടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച്**

**(ഫയൽ നം.63466/ആർ.എ1//2013/തസ്വഭവ)**

ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്ന് ഈ ആവശ്യത്തിന് 50 ലക്ഷം രൂപ അനുവദിച്ച് CESS ന് കൈമാറാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഇനി പഞ്ചായത്തുകൾ ഫണ്ട് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.14981/ഡി.എ2//2014/തസ്വഭവ)**

കൊണ്ടോട്ടി കമ്മ്യൂണിറ്റി സെന്ററിലെ ഡയാലിസിസ് യൂണിറ്റിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്തത് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം വാങ്ങാനുള്ള ആവശ്യം അംഗീകരിച്ചു. എന്നാൽ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിലെ ഒരു ഡോക്ടർ പർച്ചേസ് കമ്മിറ്റിയിൽ അംഗമായിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 അംഗനവാടികളിൽ NUTRISYD Candy നൽകുന്നത് സംബന്ധിച്ച്**
**(ഫയൽ നം.8007/EPA3/2014/തസ്വഭവ)**

അംഗനവാടികളിൽ ന്യൂട്രിസിഡ് കാൻഡി എന്ന ഉൽപ്പന്നം സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നത് സംബന്ധിച്ച് കോ ഓർഡിനേഷൻ കമ്മിറ്റിയോഗം പരിഗണിക്കേണ്ട വിഷയമല്ലാത്തതിനാൽ ഭരണ വകുപ്പ്തല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്   (ഫയൽ നം.13038/ഡി.ബി3/2014/തസ്വഭവ)**

ഗവൺമെന്റ് എൽ.പി. സ്ക്കൂളിലേയ്ക്ക് വാഹനം വാങ്ങുന്നതിന് വിഹിതം നൽകുന്നത് ഐ.എ.വൈ ഭവന പദ്ധതികൾക്ക് ആവശ്യമായ തുക ഉണ്ടെന്ന് ബന്ധപ്പെട്ട ബി.ഡി.ഒ രേഖാമൂലം ഉറപ്പുവരുത്തിയശേഷം മാത്രമേ നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയോടെ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മേലടി ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം.74729/ഡി.ഡി.2/2013/തസ്വഭവ)**

വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്ന പ്രോജക്ടിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ വഴി തെരഞ്ഞെടുക്കേണ്ടതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശം നിരാകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വയലാർ ഗ്രാമപഞ്ചായത്ത്**

ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന് ഒരു വർഷത്തേയ്ക്ക് കൂടി മാത്രം വാടക നൽകാൻ അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കുകയും ഇക്കാലയളവിൽ ഐ.ടി.ഐ സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന മുൻ നിർദ്ദേശം പാലിക്കണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

പ്രത്യേക വിഷയം 3.1 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

ഐ.എ.വൈ. ഭവന പദ്ധതിക്ക് ആവശ്യമായ തുകയുണ്ടെന്ന് ബന്ധപ്പെട്ട ബി.ഡി.ഒ രേഖാമൂലം ഉറപ്പു വരുത്തിയശേഷം മാത്രമേ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാവൂ എന്നും അതിന് അനെർട്ടിന്റെ സാങ്കേതിക മേൽനോട്ടം ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു. ഈ തീരുമാനം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിനും ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വികലാംഗർക്ക് അനുവദനീയമായ 30 ശതമാനം സബ്സിഡിക്ക് പകരം 100 ശതമാനം സബ്സിഡി നൽകി 14 ബങ്കുകൾ വാങ്ങി നൽകിയ നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കളിക്കോപ്പ് വാങ്ങി നൽകാനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കടപ്ര, പട്ടാമ്പി ഗ്രാമപഞ്ചായത്തുകൾ (ഫയൽ നം 4780/ഡി.ബി3/14/തസ്വഭവ)**

പാലിയേറ്റീവ് കെയർ ആവശ്യത്തിനുള്ള വാഹനവും ആംബുലൻസും ആവശ്യമായ സന്ദർഭങ്ങളിൽ വാടകയ്ക്കെടുക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 74177/ഡി.ഡി.2/13/തസ്വഭവ)**

അംഗനവാടികൾ പോഷകാഹാരത്തിനായി ചെലവഴിച്ചതിന് റീ ഇംപേഴ്സ്മെന്റായി ലഭിച്ച തുക ഐ.എ.വൈ. ഭവന പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ബി.ഡി.ഒ രേഖാമൂലം ഉറപ്പു വരുത്തിയശേഷം മാത്രമേ ഓഫീസ് അനുബന്ധ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പിണ്ടിമന ഗ്രാമപഞ്ചായത്ത് (ഫയൽ നം 65064/ഡി.എ2/13/തസ്വഭവ)**

ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിനായി ഗ്രാമപപഞ്ചായത്ത് വിഹിതം ജില്ലാ കളക്ടർക്ക് കൈമാറുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 മങ്കട ഗ്രാമപഞ്ചായത്ത് (ഫയൽ നം 75133/എഫ്.എം.3/13/തസ്വഭവ)**

ഗുണഭോക്തൃ സമിതികൾ നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളിൽ നിന്നും കുടിവെള്ള കണക്ഷൻ എടുക്കുന്ന സാമ്പത്തികശേഷിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സബ്സിഡി നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 വണ്ടൻമേട് ഗ്രാമപഞ്ചായത്ത് (ഫയൽ നം 66720/ഡി.ബി3/13/തസ്വഭവ)**

വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ ആംബുലൻസ് വാങ്ങാനുള്ള ആവശ്യം തുടർ ചെലവുകൾ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ചെലവു വരാത്തതും മിച്ചമുള്ളതുമായ തുക കുടിവെള്ള വിതരണത്തിനും വൈദ്യുതീകരണത്തിനും ഭേദഗതിയായോ ജി.ഒ പ്രോജക്ടായോ നിർവഹണം ആവശ്യപ്പെട്ടത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. തെറ്റായി രേഖപ്പെടുത്തിയ പദ്ധതി അടങ്കൽ തുക തിരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തിരൂർ നഗരസഭ**

വാഗൺ ട്രാജഡി ടൗൺ ഹാൾ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് സി.പി. ഡബ്ല്യു.ഡി ഷെഡ്യൂൾ അനുസരിച്ച് റിവൈസ് ചെയ്യാൻ നഗരസഭയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 മലപ്പുറം നഗരസഭ**

കാരുണ്യ ഫാർമസിയിൽ നിന്ന് ഔഷധം വാങ്ങുന്നതിനുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബില്ല് പാസാക്കുന്നതിന് ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 19353/ഡി.ഡി.2/14/തസ്വഭവ)**

എസ്.ജി.ആർ.വൈ പദ്ധതിക്കായി 2007-08 വർഷം എഫ്.സി.ഐ.യിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി ഭക്ഷ്യവസ്തുക്കൾ ഏറ്റെടുത്ത് വിതരണം നടത്തിയ ഏജൻസികൾക്ക് കടത്തുകൂലി ഇനത്തിലെ തുക നൽകുന്നത് സംബന്ധിച്ച് ഓംബുഡ്സ്മാൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല തീരുമാനം എടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മണിമല ഗ്രാമപഞ്ചായത്ത് (ഫയൽ നം. 21626/ഡി.എ2/14/തസ്വഭവ)**

വളകൊടി ചതുപ്പ് അംഗൻവാടിയും സാംസ്ക്കാരിക നിലയവും നിർമ്മാണം, കറിക്കാട്ടൂർ സെന്റർ വനിത തൊഴിൽ പരിശീലനം എന്നീ പ്രോജക്ടുകളുടെ നിർവഹണത്തിനായി ഫണ്ട് സിഡ്കോയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാനുള്ള ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ട വിഷയമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കാലിക്കറ്റ് സർവകലാശാല (ഫയൽ നം.18824/എഫ്.എം.2/14/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങൾ കാലിക്കറ്റ് സർവകലാശാലയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതിക്കായി സർവകലാശാല ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 നെയ്യാറ്റിൻകര നഗരസഭ (ഫയൽ നം.44540/ഡി.ബി3/14/തസ്വഭവ)**

ടാങ്കർ ലോറിയും ആംബുലൻസും ആവശ്യമാകുന്ന സാഹചര്യങ്ങളിൽ വാടകയ്ക്കെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം.71328/ഡി.ബി1/13/തസ്വഭവ)**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോമിലെ (ഗേൾസ്) കുട്ടികൾക്ക് 1 ലക്ഷം രൂപ ചെലവിൽ തയ്യൽ പരിശീലനം നൽകുന്ന പ്രോജക്ടിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കൊല്ലം ജില്ലാ പഞ്ചായത്ത്**

കൊല്ലം ജില്ലാ പഞ്ചായത്ത് വികസനഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ സ്രോതസ്സ് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ആയി മാറ്റണമെന്ന ആവശ്യം സമയം അതിക്രമിച്ചതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ഗുരുവായൂർ നഗരസഭ**

UIDSSMT പദ്ധതിയിൽ നഗരസഭാ വിഹിതമായി പ്ലാൻ ഫണ്ടിനു പകരം തനത് ഫണ്ടിൽ നിന്ന് അടച്ച 9720000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യാൻ അനുവദിച്ചു തീരുമാനിച്ചു. മണ്ഡല മകരവിളക്ക് ഏകാദശി ഉത്സവ സീസണുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഭരണവകുപ്പുതല തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കൊണ്ടോട്ടി നഗരസഭ**

ഡിഅഡിക്ഷൻ കൗൺസിലിംഗ് പ്രോജക്ടിന്റെ അംഗീകാരം പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കോഴിക്കോട് കോർപ്പറേഷൻ**

2013-14 വാർഷിക പദ്ധതികൾ 30.06.2014 വരെ നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കൊല്ലം കോർപ്പറേഷൻ**

പദ്ധതി വിഹിതത്തിൽ ചെലവഴിക്കാൻ കഴിയാത്ത 100635185 രൂപ ആർ.എ.വൈ (രാജീവ് ആവാസ് യോജന) പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് അനുവദിക്കണമെന്ന ആവശ്യം നിലവിൽ 3 കോടി രൂപ വരെ അടയ്ക്കുന്നതിന് ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമില്ലെന്ന് നിരീക്ഷിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി**

റോഡിതര മെയിന്റൻസ് ഗ്രാന്റിൽ ബാക്കി നിൽക്കുന്ന തുക വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് ചെയ്യാനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 കാഞ്ഞങ്ങാട് നഗരസഭ**

നഗരസഭ ചെയർപേഴ്സന് വാഹനം വാങ്ങാനുള്ള ആവശ്യം നിലവിലെ ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം11479/എഫ്.എം3/14/തസ്വഭവ)**

വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ട സാഹചര്യത്തിൽ കുടിവെള്ള വിതരണത്തിനും കിണറുകളുടെ റിപ്പയറിംഗിനുമായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 1050000 രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിക്കാൻ 12.02.2014–ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 3.19 ആയി തീരുമാനിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച 5 ലക്ഷം രൂപയ്ക്കു പുറമെ അധികമായി വേണ്ടി വന്ന 550000 രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ പ്രത്യേക സാഹചര്യത്തിൽ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം13139/ഡി.ബി1/14/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ ചെലവാകാതെ ബാക്കി നിൽക്കുന്ന തുക തിരച്ചടയ്ക്കാനും പുതിയ ഭവന പദ്ധതിക്ക് പുതിയ വായ്പ എടുക്കാനും നിർദ്ദേശിച്ചുകൊണ്ടുള്ള 14.03.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി 3.2 ഇനം യോഗ തീരുമാനത്തിൽ ഭേദഗതി ആവശ്യമില്ലെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്**

സംയുക്ത പ്രോജക്ടുകൾ എന്ന നിലയിൽ ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളുടെ റോഡ് പ്രവൃത്തികൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 കുടുംബശ്രീ – ആശ്രയ പദ്ധതി**

അഗതി പരിപാലന പദ്ധതിയായ ആശ്രയ പദ്ധതിക്കായി അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് മുൻകൂർ ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ പ്രത്യക അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 കുടുംബശ്രീ – ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ട്**

നഗരസഭകൾക്ക് അനുവദിച്ച നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് റവന്യൂ വരുമാനത്തിന്റെ 2 ശതമാനത്തിന് തുല്യമായ തുക ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് വകയിരുത്താൻ അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജും നൽകാമെങ്കിലും ജില്ലാ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം കാലതാമസം വരുത്തുന്നതാകയാൽ ഒഴിവാക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 കഠിനംകുളം ഗ്രാമപഞ്ചായത്ത്**

ഓപ്പണിംഗ് ബാലൻസ് തിരുത്തുന്നത് സംബന്ധിച്ച ആവശ്യം പൊതു വിഷയങ്ങൾ ഇനം 2.4 ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

2014–15 വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മാർഗരേഖ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 മാണിക്കൽ ഗ്രാമപഞ്ചായത്ത്**

പ്ലാൻ ഫണ്ടിലും, 13–ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിലും, മെയിന്റൻസ് ഗ്രാന്റിലും മിച്ചം വരുന്ന തുക ജലനിധി പദ്ധതിയുടെ പഞ്ചായത്ത് വിഹിതമായി ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനോ, ഐ.എ.വൈ. പദ്ധതിക്ക് നൽകുന്നതിനോ അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ച് പ്ലാൻ ഫണ്ടിൽ മിച്ചം വരുന്ന തുക പ്രസ്തുത പദ്ധതികൾക്കായി മാറ്റുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം ..................... ന് രാവിലെ 8 AM ന് സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം രാവിലെ 9.30ന് അവസാനിച്ചു)***